ഗസ്റ്റ് ലക്ചറർമാർ

50 (4660) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിലും കോളേജുകളിലും ഗസ്റ്റ് ലക്ചറർമാരുടെ സേവന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; നിലവിലുള്ള സേവന വ്യവസ്ഥകൾ വന്നത് എന്നു മുതൽക്കാണെന്ന് വിശദമാക്കാമോ;

(ബി) റഗുലർ അദ്ധ്യാപകരുടെ ശമ്പള സ്കെയിൽ അനുസരിച്ച് ഗസ്റ്റ് ലക്ചറർമാരുടെ വേതനം വളരെ കുറവായതിനാൽ ആയത് പുതുക്കി നിശ്ചയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പുതുതായി ആരംഭിച്ച 22 കോളേജുകളിൽ എവിടെയെങ്കിലും സ്ഥിരം തസ്തികകൾ അനുവദിച്ചിട്ടുണ്ടോ;

(ഡി) പുതുതായി ആരംഭിച്ച കോളേജുകളിലെ ഗസ്റ്റ് ലക്ചറർമാർക്ക് വേതനം സർക്കാർ നൽകുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് നൽകുന്നത്?

ഉത്തരം

(എ) 14-9-2011-ലെ സ.ഉ(പി) 225/2011/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം, അസിസ്റ്റന്റ് പ്രൊഫസ്സറുടെ യോഗ്യതയുള്ള, ഗസ്റ്റ് അദ്ധ്യാപകന് ഒരു ലക്ച്ചറിന് 1000 രൂപ നിരക്കിൽ പ്രതിമാസം പരമാവധി 25,000 രൂപ വേതനമായി അനുവദിക്കുന്നതിന് അനുമതി നൽകിയിരുന്നു. ആയതിന് 1-1-2010 മുതൽ പ്രാബല്യമുണ്ടായിരുന്നു. പ്രസ്തുത ഉത്തരവിന് ഭേദഗതി വരുത്തി പുറപ്പെടുവിച്ച 28-11-2012-ലെ സ.ഉ(പി)602/2012/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം ഒരു മണിക്കൂർ ദൈർഘ്യമുള്ള ഒരു ലക്ച്ചറിന് 500 രൂപ നിരക്കിൽ പ്രതിമാസം പരമാവധി 25000 രൂപ ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനമായി അനുവദിക്കാവുന്നതാണെന്ന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന് പ്രസ്തുത ഉത്തരവ് തീയതി മുതൽ മാത്രമേ പ്രാബല്യമുണ്ടായിരുന്നുള്ളൂ. 25-1-2012 ലെ സ.ഉ (പി) 28/2012/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം, 25 മണിക്കൂർ ലക്ച്ചർ എടുക്കുന്ന ഗസ്റ്റ് അദ്ധ്യാപകർ അക്കാദമിക് ജോലികൾ ഉൾപ്പെടെ കുറഞ്ഞത് 50 മണിക്കൂർ കോളേജുകളിൽ ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി സ്കൂളുകളിലെ ഗസ്റ്റ് ലക്ചറർമാരുടെ സേവന വ്യവസ്ഥ സംബന്ധിച്ച വിവരം പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും ശേഖരിച്ചുവരുന്നു.

(ബി) നിലവിൽ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്, പുതുതായി ആരംഭിച്ച 22 കോളേജുകളിൽ പ്രിൻസിപ്പാൾ തസ്തിക ഉൾപ്പെടെ 13 കോളേജുകളിലായി ആകെ 145 അദ്ധ്യാപക തസ്തികകളും 6 കോളേജുകളിൽ അനദ്ധ്യാപക തസ്തികകളും അനുവദിച്ചിട്ടുണ്ട്.

(ഡി) പുതുതായി ആരംഭിച്ച കോളേജുകളിൽ ട്രഷറി ഓതറൈസേഷൻ ലഭിച്ച താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ ഗസ്റ്റ് ലക്ചർമാർക്ക് വേതനം നൽകുന്നുണ്ട്.

1. ഗവ. ആർട്സ് & സയൻസ് കോളേജ്, ബാലുശ്ശേരി
2. ഗവ. ആർട്സ് & സയൻസ് കോളേജ്, മങ്കട
3. ഗവ. ആർട്സ് & സയൻസ് കോളേജ്, കൊണ്ടോട്ടി
4. ഗവ. ആർട്സ് & സയൻസ് കോളേജ്, ചേലക്കര
5. ഗവ. ആർട്സ് & സയൻസ് കോളേജ്, മലയിൻകീഴ്
6. ഗവ. ആർട്സ് & സയൻസ് കോളേജ്, തൃത്താല
7. ഗവ. ആർട്സ് & സയൻസ് കോളേജ്, താനൂർ
8. ഗവ. ആർട്സ് & സയൻസ് കോളേജ്, കൊടുവള്ളി
9. ഗവ. ആർട്സ് & സയൻസ് കോളേജ്, നെയ്യാറ്റിൻകര
10. ഗവ. ആർട്സ് & സയൻസ് കോളേജ്, തലശ്ശേരി

സങ്കലിത വിദ്യാഭ്യാസ പദ്ധതിയിൻ കീഴിലുള്ള കരാർ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ

51 (4661) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ സങ്കലിത വിദ്യാഭ്യാസ പദ്ധതി (IEDSS)-യിൻ കീഴിൽ സംസ്ഥാനത്ത് ആകെ കരാർ വ്യവസ്ഥയിൽ എത്ര അദ്ധ്യാപകരാണ് ജോലിനോക്കുന്നതെന്ന് അറിയിക്കുമോ; ഇവർ പ്രസ്തുത ജോലികളിൽ എത്ര വർഷത്തോളമായി ജോലി നോക്കുന്നവരാണെന്നും അറിയിക്കുമോ;

(ബി) മേൽ വിഭാഗം ജീവനക്കാരുടെ പ്രധാന ജോലികൾ എന്തൊക്കെയാണ്; ഇതുമൂലം സമൂഹത്തിലെ ഏത് വിഭാഗം കുട്ടികൾക്കാണ് പ്രയോജനം ലഭിക്കുക;

LIBRARY ARCHIVES Kerala Legislative Assembly